(ബി) ഇതേ കാലയളവിൽ സംസ്ഥാനത്ത് ചെക്ക് തട്ടിപ്പുമായും വിസാ തട്ടിപ്പുമായും ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ കേസുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികൾ ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുണ്ടെന്നും എത്ര രൂപയുടെ തട്ടിപ്പ് നടന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം മണി ചെയിനുമായി ബന്ധപ്പെട്ട് 1263 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതേ കാലയളവിൽ സംസ്ഥാനത്ത് ചെക്ക് തട്ടിപ്പുമായി ബന്ധപ്പെട്ട് 120 കേസുകളും, വിസാ തട്ടിപ്പുമായി ബന്ധപ്പെട്ട് 257 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഈ കേസുകളുമായി ബന്ധപ്പെട്ട് 1062 പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യുവാനുണ്ട്. വിവിധ കേസുകളിലായി 1,43,05,12,927 (നൂറ്റി നാൽപ്പത്തിമൂന്ന് കോടി അഞ്ച് ലക്ഷത്തി പന്ത്രണ്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിയേഴ്) രൂപയുടെ തട്ടിപ്പ് സംബന്ധിച്ച് അന്വേഷണം നടത്തിവരുന്നു.

ശോഭ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിന്റെ കൊലപാതകം

152 (157) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ പുഴയ്ക്കൽ ശോഭ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിനെ കൊലപ്പെടുത്തിയതുമായി ബന്ധപ്പെട്ട കേസ്സിലെ പ്രതി മുഹമ്മദ് നിഷാമിനെതിരെ ഏതെല്ലാം വകുപ്പുകൾ ചേർത്താണ് പോലീസ് കേസ്സെടുത്തിട്ടുള്ളത്, പ്രസ്തുത കേസ്സിന്റെ എഫ്.ഐ.ആർ. പകർപ്പ് ലഭ്യമാക്കാമോ;

(ബി) മാരകമായി പരിക്കുപറ്റി ചികിത്സയിൽ കഴിഞ്ഞിരുന്ന ചന്ദ്രബോസിന്റെ മൊഴി പോലീസ് രേഖപ്പെടുത്തിയിട്ടുണ്ടോ ;

(സി) മരണത്തിനു മുൻപ് ചന്ദ്രബോസിന്റെ മൊഴി രേഖപ്പെടുത്തുന്നതിന് പൊലീസ് ബോധപൂർവ്വമായ വീഴ്ച വരുത്തി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചന്ദ്രബോസിന്റെ മൊഴി രേഖപ്പെടുത്താതിരുന്നത് പ്രതിയ്ക്കെതിരെയുള്ള കേസ്സിനെ ദുർബലപ്പെടുത്തുമോ ; വ്യക്തമാക്കാമോ;

(ഇ) മൊഴി രേഖപ്പെടുത്താൻ വീഴ്ച വരുത്തിയ അന്വേഷണ ഉദ്യോഗസ്ഥനെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസിനെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത പേരാമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 173/2015 കേസിൽ പ്രതി മുഹമ്മദ് നിഷാമിനെതിരെ സെക്ഷൻ 341, 323, 324, 326, 307, 506(i), 294(b) പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ ഇരയായ ചന്ദ്രബോസ് മരണപ്പെട്ടതിനെതുടർന്ന് സെക്ഷൻ 307 IPC കുറവ് ചെയ്ത് സെക്ഷൻ 302 IPC കൂട്ടിച്ചേർത്തിട്ടുള്ളതാണ്. ടി കേസിന്റെ എഫ്.ഐ. ആറിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഇല്ല. കൊല്ലപ്പെട്ട ചന്ദ്രബോസ്, ആശുപത്രിയിൽ പ്രവേശിപ്പിച്ച നാൾ മുതൽ വെന്റിലേറ്ററിലും, വെന്റിലേറ്റർ ഐ.സി.യുവിലും കഴിഞ്ഞിരുന്നതും അത്യാസന്ന നിലയിൽ ആയിരുന്നതുമാണ്. പേരാമംഗലം പോലീസ് ഇൻസ്പെക്ടറുടെ രേഖാമൂലമുള്ള അഭ്യർത്ഥനപ്രകാരം ബഹുമാനപ്പെട്ട കുന്ദംകുളം ജെ.എഫ്.സി.എം.I കോടതിയുടെചുമതല ഉണ്ടായിരുന്ന ബഹുമാനപ്പെട്ട ചാവക്കാട് ജെ.എഫ്.സി.എം.I കോടതി മജിസ്ട്രേറ്റ് ശ്രീ. എം. പി. ഷിബു മരണപ്പെട്ട ചന്ദ്രബോസിന്റെ മൊഴി രേഖപ്പെടുത്തുന്നതിനായി അന്നേദിവസം ഉച്ചയ്ക്ക് 2 മണിക്കും 4 മണിക്കും ഇടയിൽ തൃശ്ശൂർ അമലാ ആശുപത്രിയിൽ ഹാജരാവുകയും എന്നാൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ചന്ദ്രബോസിൽ നിന്നും മൊഴിയെടുക്കുവാൻ ടിയാൻ പ്രാപ്തനല്ല എന്ന് ഡോക്ടർമാർ അറിയിച്ചതിനാൽ ബഹുമാനപ്പെട്ട മജിസ്ട്രേറ്റ് മൊഴി രേഖപ്പെടുത്താൻ സാധിക്കാതെ തിരിച്ചുപോവുകയാണ് ഉണ്ടായത്.

(സി) തൃശ്ശൂർ ശോഭാ സിറ്റിയിലെ സെക്യൂരിറ്റി ജീവനക്കാരനായ ചന്ദ്രബോസ് ആക്രമണത്തിന് വിധേയനായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും അദ്ദേഹത്തിന്റെ ശരീരത്തിന്റെ മുന്നിലും പിറകിലുമായി റിബ്-ഫ്രാക്ചറുകളും, ചെസ്റ്റിലെയും അബ്ഡൊമിനിലെയും ആന്തരിക അവയവങ്ങൾക്ക് ഗുരുതരമായി പരിക്കേറ്റ് പല ശസ്ത്രക്രിയകൾക്കും വിധേയനായി സിവിയർ സെപ്റ്റേഷനിൽ വെന്റിലേറ്ററിലും ഐ.സി.യു.-വിലും കഴിഞ്ഞുവരവെ ചന്ദ്രബോസ് പോലീസിന് വിശദമായ മൊഴി നൽകാൻ പ്രാപ്തനായിരുന്നില്ലെന്ന് അദ്ദേഹത്തെ ചികിത്സിച്ച ഡോക്ടർമാർ മൊഴിയെടുക്കാൻ ചെന്ന പോലീസ് ഉദ്യോഗസ്ഥരെ അറിയിക്കുകയുണ്ടായി. പേരാമംഗലം പോലീസ് ഇൻസ്പെക്ടറുടെ രേഖാമൂലമുള്ള അഭ്യർത്ഥനപ്രകാരം ബഹുമാനപ്പെട്ട കുന്ദംകുളം ജെ.എഫ്.സി.എം.I കോടതിയുടെ ചുമതല ഉണ്ടായിരുന്ന ബഹുമാനപ്പെട്ട ചാവക്കാട് ജെ.എഫ്.സി.എം. I കോടതി മജിസ്ട്രേറ്റ് ശ്രീ. എം. പി. ഷിബു ചന്ദ്രബോസിന്റെ മൊഴിരേഖപ്പെടുത്തുന്നതിനായി അന്നേ ദിവസം ഉച്ചയ്ക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2 മണിക്കും 4 മണിക്കും ഇടയിൽ തൃശ്ശൂർ അമലാ ആശുപത്രിയിൽ ഹാജരാവുകയും എന്നാൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ചന്ദ്രബോസ് മൊഴി നൽകുവാൻ പ്രാപ്തനല്ലെന്ന് ഡോക്ടർമാർ അറിയിച്ചതിനാൽ ബഹുമാനപ്പെട്ട മജിസ്ട്രേറ്റ് മൊജി രേഖപ്പെടുത്താൻ സാധിക്കാതെ തിരിച്ച് പോവുകയാണ് ഉണ്ടായത്. ഇതിനുപുറമെ ചന്ദ്രബോസിന്റെ മൊഴിയെടുക്കാൻ പറ്റുന്ന സാഹചര്യമുണ്ടായാൽ ആയത് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ടിയാനെ ചികിത്സിച്ച ഡോക്ടർമാരോട് പോലീസ് അഭ്യർത്ഥിച്ചിരുന്നതാണ്. ഇക്കാര്യത്തിൽ പോലീസ് എല്ലാവിധ പ്രോ ആക്ടീവ് നടപടികളും എടുത്തിട്ടുണ്ടായിരുന്നു.

(ഡി) ഇല്ല. പ്രതിക്കെതിരെ അനവധി ദൃക്സാക്ഷി മൊഴികളും ശാസ്ത്രീയ തെളിവുകളും മറ്റ് തെളിവുകളും ശേഖരിക്കപ്പെട്ടിട്ടുള്ളതുകൊണ്ട് കേസ്സ് ദുർബ്ബലപ്പെടുവാനുള്ള സാഹചര്യമില്ല.

(ഇ) ഉത്തരം (ബി), (സി) എന്നിവയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

വാഹന പരിശോധന

153 (158) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനപരിശോധനയും ബോധവത്കരണവും ശക്തമാക്കിയിട്ടും വാഹനാപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ വാഹനാപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടു എന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ മദ്യപിച്ചു വാഹനമോടിച്ചതിന്റെ ഫലമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു, ഈയിനത്തിൽ എത്ര തുക വിവിധ കോടതികൾ മുഖേന പിഴയായി ഈടാക്കിയെന്ന് ആഭ്യന്തരവകുപ്പ് കണക്കാക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കാലയളവിൽ ഹെൽമറ്റ് ധരിക്കാത്തതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു, പിഴയിനത്തിൽ എന്ത് തുക ഈടാക്കി എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ കാലയളവിൽ സീറ്റ് ബെൽറ്റ് ധരിക്കാത്തതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു, പിഴയിനത്തിൽ എന്ത് തുക ഈടാക്കി എന്ന് വ്യക്തമാക്കാമോ;

(എഫ്) സൺഫിലിമുകൾ ഒട്ടിച്ചതിന്റെ പേരിൽ ഈ കാലയളവിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും പിഴയിനത്തിൽ എന്ത് തുക ഈടാക്കിയെന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly